(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എല്ലായിടത്തും സീബ്രാലൈനുകൾ രേഖപ്പെടുത്തുന്നു.

ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് അടിസ്ഥാന യോഗ്യതയിൽ മാറ്റം വരുത്താൻ നടപടി

233 [377] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ അടിസ്ഥാന യോഗ്യതയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) സ്കൂളുകളിൽ ഐ.ടി. പാഠ്യവിഷയമായതിനാൽ കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി അദ്ധ്യാപക നിയമനത്തിന് യോഗ്യത നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതാത് വിഷയത്തിലുള്ള ഡിഗ്രിയും ബി.എഡും ആണ് ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള യോഗ്യതകൾ.

(ബി—ഡി) ഹൈസ്ക്കൂൾ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള അടിസ്ഥാനയോഗ്യതയ്ക്ക് പുറമെ കമ്പ്യൂട്ടർ പരിജ്ഞാനം കൂടി ഉൾപ്പെടുത്തി കേരളാ വിദ്യാഭ്യാസ ചട്ടത്തിൽ മതിയായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് നടപടി

234 [378] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ പാഠ്യവിഷയങ്ങളെയും ഭാഷാപഠനത്തെയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കുറെകൂടി താഴ്ന്ന ക്ളസ്സ് മുതൽ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ;

(സി) ദേശീയ സാഹചര്യങ്ങളെയും, സംസ്ഥാനത്തുതന്നെ പ്രവർത്തിക്കുന്ന വിവിധതരം സ്കൂളുകളിൽ വിവിധതരം സിലബസുകൾ നിലവിലുള്ളതും കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസത്തിൽ ഒരു പരിഷ്ക്കരണം വരുത്തുന്ന കാര്യം ആലോചിക്കുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിലെ സിലബസും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ നിലവിലുള്ള സിലബസും കണക്കിലെടുത്ത് സംസ്ഥാനത്ത് ഇംഗ്ലീഷിനും ഹിന്ദിക്കും കൂടുതൽ പ്രാധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസ രീതി നടപ്പാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-7-2004-ലെ ജി.ഒ. (ആർ.ടി.) 2818/2004/പൊ.വി. നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം 2004-05 അദ്ധ്യായന വർഷം മുതൽ മൂന്നാം ക്ളാസുമുതൽ ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനു താഴെയുള്ള ക്ളാസുകളിൽ ഇംഗ്ലീഷ് പഠനം ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ദേശീയ ബോർഡുകളുടെ വ്യവസ്ഥ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിലെ സിലബസുകൾക്കനുസൃതമായി കേരള സിലബസ് പരിഷ്ക്കരിക്കാൻ കഴിയുകയില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളിലെ പാഠ്യ പദ്ധതി പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇംഗ്ലീഷിനും ഹിന്ദിക്കും കൂടുതൽ പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് സംസ്ഥാനത്തും നിലവിലുള്ളത്. ത്രിഭാഷാ ഫോർമുലയാണ് പാഠ്യ പദ്ധതിയിൽ സ്വീകരിച്ചിട്ടുള്ളത്.

(ഇ) ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്.

പുതിയ താലൂക്കുകൾ

235 [379] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി താലൂക്കുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly